

ഫ്രം എംടിവി ടു മക്ക /ക്രിസ്റ്റ്യാനേ ബക്കർ

www.shababweekly.net

# ശബാബ് വാരിക

FRIDAY, 09 NOVEMBER 2012 | VOL 36 | ISSUE 14

## അസഹിഷ്ണുത ആദർശവൽകരിക്കുന്ന നമ്മുടെ മതസംഘടനകൾ

മുജീബുർറഹ്മാൻ കിനാലൂർ

## തീൻമേശയ്ക്കു മുമ്പിലെ ചോദ്യങ്ങൾ

പി ടി കുഞ്ഞാലി / ഡോ. പി കെ മുഹ്സിൻ

CMYK

1433 ദുൽഹിജ്ജ 24
2012 നവംബർ 09 വെള്ളി
**പുസ്തകം 36, ലക്കം 14**
വില: 10 രൂപ

# ശബാബ്

www.shababweekly.net

മർകസുദ്ദഅ്‌വ
ആർ എം റോഡ്, കോഴിക്കോട്-2
ഫോൺ: 0495 2701812
ഫാക്സ്: 2703870,
shababweekly@gmail.com

8

## അസഹിഷ്ണുത ആദർശവൽക്കരിക്കുന്ന നമ്മുടെ മതസംഘടനകൾ

സമസ്ത മുശാവറ റഹ്മത്തുല്ല ഖാസിമിക്ക് നൽകിയ ഷോക്കോസിലൂടെ, ബാഫഖി തങ്ങൾ മുതൽ ശിഹാബ് തങ്ങൾ വരെയുള്ള നേതാക്കളെ തിരുത്തുകയല്ലേ ചെയ്തിരിക്കുന്നത്? അല്ലെങ്കിൽ ഇതര സംഘടനകളുമായി സഹകരിക്കരുതെന്ന സുന്നത്ത് ജമാഅത്തിന്റെ 'പ്രഖ്യാപിത നിലപാട്' അവർക്ക് അജ്ഞാതമായിരുന്നു എന്ന് കരുതേണ്ടി വരില്ലേ?

**മുജീബുർറഹ്മാൻ കിനാലൂർ**



12

## 'ഫ്രം എംടിവി ടു മക്ക'

വിശ്വാസത്തിലൂടെ സന്തോഷം നേടുക, അപ്പോഴും നിങ്ങൾക്ക് എംടിവി കാണാം. വിശ്വാസം എന്ന സമ്പത്തുണ്ടെങ്കിൽ അതുതന്നെയാണ് ഏറ്റവും ഉയർന്ന തലത്തിലുള്ള സന്തോഷവും സംതൃപ്തിയും നല്കുന്നത്. ഉപഭോഗ സംസ്കാരമോ എംടിവിയോ ആ സന്തോഷം തരില്ല.

32

## തീൻമേശയ്ക്കു മുമ്പിലെ ചോദ്യങ്ങൾ

മനുഷ്യർക്ക് മാത്രമല്ല, ജീവജാലങ്ങൾക്കു മൊത്തമായി ഗുണാത്മകമായിരിക്കണം ആഹാരം. ശാരീരികാരോഗ്യത്തിന് തരക്കേടു പറ്റാത്തതാണ് ശുദ്ധം. പ്രവാചകൻ വല്ലപ്പോഴും മാംസം കഴിച്ചിരുന്നു എന്നത് ആമാശയം തുളയ്ക്കുന്ന രുചി സംവർധനികൾ പൂശിയ മാംസാഹാരത്തിൽ ആപാദമസ്തകം മുങ്ങാനുള്ള വിധിയല്ല.

**പി ടി കുഞ്ഞാലി**

4. കത്തുകൾ
6. എഡിറ്റോറിയൽ
17. പ്രതികരണം
20. മുഖാമുഖം
27. തർബിയ
28. ഖുർആനെ കണ്ടെത്തൽ
32. റിപ്പോർട്ട്
35. വാർത്തകൾ




*കവർ: ഫവാസ് തിരൂരങ്ങാടി*



*പ്രശസ്തിയുടെ കൊടുമുടിയിൽ ആയിരിക്കെ പ്രശസ്ത ക്രിക്കറ്റ് കളിക്കാരനും ഇപ്പോൾ പാകിസ്താനിലെ തഹ്‌രികെ ഇൻസാഫ് പാർട്ടിയുടെ നേതാവുമായ ഇംറാൻഖാനെ പരിചയപ്പെട്ടു. ആ ബന്ധമാണ് എന്നേക്കുമായി ബക്കറിന്റെ ജീവിതത്തെ മാറ്റിയത്.*

**അഭിമുഖം**

**ക്രിസ്റ്റ്യാനേ ബക്കർ**

# ‘ഫ്രം എംടിവി ടു മക്ക’

1995 ലാണ് ബക്കറിന്റെ യാത്ര ആരംഭിക്കുന്നത്. *എം ടി വി*യിലെ പ്രമുഖ അവതാരകയായ ബക്കർ ഇസ്‌ലാമാശ്ലേഷിച്ച വാർത്ത കേട്ട് യൂറോപ്പ് ഞെട്ടി. ദൃശ്യമാധ്യമ രംഗത്ത് തിളങ്ങിനിന്ന കാലം. ബോബ് ഗെൽഡോഫ്, മിക് ജാഗർ, ഡേവിഡ് സോവീ, ആനി ലേനോക്സ് തുടങ്ങിയ പ്രമുഖരോടൊപ്പം മീഡിയാ രംഗത്ത് പ്രവർത്തിച്ചു. പ്രശസ്തരോടൊപ്പം പലയിടത്തും കറങ്ങി, *എം ടി വി*യുടെ വീഡിയോ മ്യൂസിക് അവാർഡുകൾ നല്കാനും പാർട്ടികളിൽ പങ്കെടുക്കാനായി ഭൂഖണ്ഡാന്തര യാത്രകൾ ചെയ്തു. എന്നാൽ ആത്മീയതയും മതവുമായി ബന്ധമില്ലാത്ത ലോകമായിരുന്നു ബക്കറിന്റേത്.

പ്രശസ്തിയുടെ കൊടുമുടിയിൽ ആയിരിക്കെ പ്രശസ്ത ക്രിക്കറ്റ് കളിക്കാരനും ഇപ്പോൾ പാകിസ്താനിലെ തഹ്‌രികെ ഇൻസാഫ് പാർട്ടിയുടെ നേതാവുമായ ഇംറാൻഖാനെ പരിചയപ്പെട്ടു. ആ ബന്ധമാണ് എന്നേക്കുമായി ബക്കറിന്റെ ജീവിതത്തെ മാറ്റിയത്. പാകിസ്താനിലൂടെയുള്ള യാത്രകളിൽ തനിക്ക് തീരെ പരിചയമില്ലാത്ത, ദൈവത്തോടുള്ള സ്നേഹം മുറ്റിനില്ക്കുന്ന തീർത്തും വ്യത്യസ്തമായ ഒരു ലോകം അവർ കണ്ടു. *ഫ്രം എം ടി വി ടു മക്ക* എന്ന ബക്കറിന്റെ പുതിയ പുസ്തകം വായനക്കാരെ സ്വന്തത്തെ കണ്ടെത്താൻ സഹായിക്കുന്ന ഒരു യാത്രയിലൂടെ കൊണ്ടുപോകുന്നു. പാകിസ്താനിൽ നിന്ന് ബോസ്നിയയിലേക്കും ഹാംബർഗിൽ നിന്ന് സുഊദി അറേബ്യയിലേക്കും ലോസ് ഏഞ്ചൽസിൽ നിന്ന് ലണ്ടനിലേക്കുമുള്ള അവരുടെ യാത്രകളിലൂടെ യഥാർഥ സ്വാതന്ത്ര്യത്തിനും വിമോചനത്തിനുമായുള്ള അവരുടെ അന്വേഷണത്തെ നാമും പിന്തുടരുന്നു. അവർ തന്നെ സുന്ദരമായി എഴുതിയതുപോലെ: “ദൈവത്തിന്റെ മാർഗത്തിൽ ഞാൻ എത്രയധികം യാത്ര ചെയ്തുവോ അത്രത്തോളം ദൈവാനുഗ്രഹങ്ങൾ എ

നിക്കനുഭവപ്പെട്ടു. എന്റെ വിശ്വാസം ഇളക്കാൻ പറ്റാത്തവിധം കരുത്തുറ്റതായി വളർന്നു. എന്റെ ഹൃദയം മറ്റൊരു ഭവനം കണ്ടെത്തി.”

**നിങ്ങളെഴുതിയ *ഫ്രം എംടിവി റ്റു മക്ക* എന്ന കൃതിയെ സംക്ഷിപ്തമായി പരിചയപ്പെടുത്താമോ?**

യൂറോപ്പിൽ വ്യാപകമായി ഇസ്‌ലാമോഫോബിയ (ഇസ്‌ലാമിനോടുള്ള ഭയം) നിലനില്ക്കുന്നതുകൊണ്ടാണ് ഞാനാ പുസ്തകം എഴുതിയത്. 1995ൽ ഇസ്‌ലാമാശ്ലേഷിച്ചപ്പോൾ എനിക്കു തന്നെ ഇതനുഭവപ്പെട്ടിട്ടുണ്ട്. *എംടിവി*യിൽ പരിപാടികളവതരിപ്പിക്കുന്ന അവാർഡു ജേതാവായ ഒരുവതാരകയായിരുന്നു അക്കാലത്ത് ഞാൻ. ജർമനിയിൽ യുവാക്കൾക്കും/യുവതികൾക്കുമായി എന്റേതായ ഷോകളുണ്ടായിരുന്നു. ഞാൻ മുസ്‌ലിമായതോടു കൂടി *എംടിവി*യിൽ ഷോ അവതരിപ്പിക്കുന്നതിൽ നിന്ന് എന്നെ ഒഴിവാക്കി. അതോടെ ജർമനിയിലെ ടി വിയുമായി ബന്ധപ്പെട്ട എന്റെ കരിയറിന് ഏതാണ്ട് അന്ത്യമായി. വർഷങ്ങളോളം ഏജന്റുമാർ എന്നോട് പറഞ്ഞു: “ടി വിയിൽ ഇനിയും എന്നെങ്കിലും ജോലി ചെയ്യാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഇസ്‌ലാമിനെക്കുറിച്ച് സംസാരിക്കരുത്.”

അവരുടെ ഉപദേശം ഞാൻ ശ്രദ്ധിച്ചു. എന്റെ വിശ്വാസം കൂടുതൽ ആഴത്തിലുള്ളതാക്കിക്കൊണ്ടും, ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചുകൊണ്ടും യാത്ര ചെയ്തുകൊണ്ടും ഞാനാ വർഷങ്ങൾ ചെലവഴിച്ചു. എന്നാൽ ഒരു പത്രപ്രവർത്തകയെന്ന നിലയിൽ എനിക്ക് മിണ്ടാതിരിക്കാൻ കഴിയുമായിരുന്നില്ല. ഈ സുന്ദരമതത്തെ എത്ര മോശമായാണ് മീഡിയ പലപ്പോഴും ചിത്രീകരിക്കുന്നത്. യഥാർഥത്തിൽ സത്യമതമാണ് ഇസ്‌ലാം. ഇത് ഞാൻ ലോകത്തോട് പറയാനാഗ്രഹിച്ചു. എനിക്കു നാല്പതു വയസ്സുള്ളപ്പോൾ ഞാൻ ഹജ്ജിനു പോയി. ജർമൻ മീഡിയ ഇതിനെ നല്ല രീതിയിൽ റിപ്പോർട്ടു ചെയ്തു. ഒരു പ്രസാധകൻ എന്നെ സമീപിച്ച് ചോദിച്ചു: “നിങ്ങളുടെ കഥ ഒരു പുസ്തകരൂപത്തിൽ എഴുതാനാഗ്രഹിക്കുന്നുണ്ടോ?” “എത്ര നല്ലത്!” ഞാൻ ചിന്തിച്ചു. ചില തെറ്റിദ്ധാരണകൾ തിരുത്താൻ വേണ്ടി പരിശ്രമിക്കാനും ഇസ്‌ലാമിനെതിരെ എനിക്കുണ്ടായിരുന്ന മുൻധാരണകൾ ഇല്ലാതായത് എങ്ങനെയെന്ന് വിവരിക്കാനും ഞാൻ തീരുമാനിച്ചു.

**പലരും അസൂയപ്പെടുന്ന വിധം ഗ്ലാമറുള്ള ജോലിയും ജീവിതവുമായിരുന്നു നിങ്ങളുടേത്. എന്താണ് അതിൽ ഇല്ലാതിരുന്നത്?**

എന്റെ ജീവിതത്തിൽ ദൈവവുമായുള്ള ബന്ധമാണ് ഇല്ലാതിരുന്നത്. ഒരു യുവതി/യുവാവ് സ്വപ്നം കാണുന്നതെല്ലാം എനിക്കുണ്ടായിരുന്നു. പാർട്ടികൾ, പ്രശസ്തരായ റോക്സ്റ്റാറുകളെ ഇന്റർവ്യൂ ചെയ്യൽ, വീഡിയോകളുടെ അനൗൺസ്മെന്റ്, ടീമിനോടൊപ്പം പോകുന്നിടത്തെല്ലാം ഹാർദവമായ സ്വീകരണം. പക്ഷേ, ഉള്ളിൽ ഞാൻ യഥാർഥത്തിൽ സംതൃപ്തിയായിരുന്നില്ല.

**ഇസ്‌ലാമാശ്ലേഷിക്കുന്നതിനു മുമ്പ് നിങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച് എത്രത്തോളം അറിയാമായിരുന്നു?**

1992ൽ ഇസ്‌ലാമിനെ എനിക്ക് ആദ്യമായി പരിചയപ്പെടുത്തിയത് താടിയുള്ള ഇമാമല്ല, സുന്ദരനായ, സ്പോർട്സ് സ്റ്റാറായ ഇംറാൻഖാനാണ്. ആയിടെ വേൾഡ്കപ്പ് നേടിയ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനായിരുന്നു അദ്ദേഹം. എനിക്ക് ക്രിക്കറ്റിനെക്കുറിച്ച് ഒന്നുമറിയാതിരുന്നതു കൊണ്ട് തന്നെ അദ്ദേഹത്തെ ഞാനത്ര പരിഗണിച്ചിരുന്നില്ല. പക്ഷേ, അദ്ദേഹം എന്നെ ആദ്യമായി ഇസ്‌ലാം പഠിപ്പിച്ച വ്യക്തിയായി. മൂന്നു വർഷത്തോളം ഞാൻ പഠിച്ചു. ഒരുപാട് പുസ്തകങ്ങൾ വായിച്ചു. പലവട്ടം പാകിസ്താനിലേക്ക് യാത്ര ചെയ്തു. പണ്ഡിതന്മാരോടും ലണ്ടനിലെയും പാകിസ്താനിലെയും സാധാരണക്കാരോടും ഞാൻ പല ചോദ്യങ്ങളും ചോദിച്ചു. മുന്നുവർഷത്തെ പഠനത്തിനു ശേഷം മറ്റാർക്കും വേണ്ടിയല്ല, എനിക്കുവേണ്ടി ഞാൻ ഇസ്‌ലാമാശ്ലേഷിച്ചു.




**ഇസ്‌ലാമാശ്ലേഷിച്ചതിനു ശേഷം മുസ്‌ലിം ലോകത്തിലൂടെയുള്ള യാത്രകളെക്കുറിച്ച് വിവരിക്കാമോ? നിങ്ങളുടെ പ്രതീക്ഷകളിൽ നിന്നും പൊതു പാശ്ചാത്യധാരണകളിൽ നിന്നും വളരെവ്യത്യസ്തമായിരുന്നുവോ മുസ്‌ലിംലോകം?**

ഏറെ ധാരണകളൊന്നും ഞങ്ങൾക്കില്ല. പാകിസ്താനെക്കുറിച്ച് മോശപ്പെട്ട വാർത്തകളല്ലാതെ നിങ്ങൾ കേൾക്കുന്നില്ല. അതുകൊണ്ടുതന്നെ അവിടെ പ്രവേശിച്ച നിമിഷം മുതൽ ഞാനാ നാടിനെ ഇഷ്ടപ്പെട്ടു. അത്യാകർഷകമായ ഭൂപ്രകൃതിയും മലകളും പുൽത്തകിടികളും മരുഭൂമികളുമുള്ള ഒരു സുന്ദര രാജ്യമാണത്. വളരെ ഉദാരരും നല്ല സൗഹൃദത്തോടെ പെരുമാറുന്നവരും തങ്ങൾക്കുള്ളത് എത്ര കുറച്ചായിരുന്നാലും നമ്മളുമായി പങ്കുവെക്കുന്നവരുമാണവർ. മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്രരായ ആളുകൾ പോലും അങ്ങനെയാണ്. പല യാഥാർഥ്യങ്ങളും മനസ്സിലാക്കാനും ചിന്തിപ്പിക്കാനും എന്റെ യാത്രകൾക്ക് കഴിഞ്ഞു. ഏതാനും വർഷങ്ങൾ രണ്ട് വ്യത്യസ്ത ലോകങ്ങളിലൂടെ യാത്ര ചെയ്യുകയായിരുന്നു ഞാൻ. ചില നിർണായക നിമിഷങ്ങളെയും ഞാൻ നേരിട്ടു. പടിഞ്ഞാറ് സമയം പണമാണ് (time is money). പലവിധ സമ്മർദങ്ങളും ഉള്ളതിനാൽ ആളുകൾ മറ്റുള്ളവർക്കു വേണ്ടി സമയം ചെലവഴിക്കുകയില്ല. പാശ്ചാത്യ ലോകത്തെ ജനങ്ങളുടെ ജീവിതത്തിൽ ദൈവികചിന്ത പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. ദൗർഭാഗ്യവശാൽ പടിഞ്ഞാറ് വിശ്വാസം വല്ലാതെ പരിമിതപ്പെട്ടിരിക്കുന്നു. എന്റെ പുസ്തകത്തിലൂടെ വിശ്വാസത്തിന് അർഹമായ സ്ഥാനം നൽകാനാണ് ഞാൻ ശ്രമിച്ചിരിക്കുന്നത്. അതെ, പാകിസ്താനിൽ എല്ലാവരും ദൈവത്തിന്റെ നാമത്തിലാണ് എല്ലാം ചെയ്യുന്ന

ത്. ദൈവത്തിൽ നിന്നുള്ള പ്രീതി പ്രതീക്ഷിച്ചുകൊണ്ട് മറ്റുള്ളവർക്കു വേണ്ടി പലതും ത്യജിക്കുകയും ചെയ്യുന്നു.

**നിങ്ങളുടെ ഇസ്‌ലാമാശ്ലേഷണത്തിന് ദൈവം ഉപയോഗിച്ച ടൂൾ ആണ് ഇമ്റാൻ ഖാൻ എന്ന് നിങ്ങൾ പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഏതു വശമാണ് നിങ്ങളെ ഏറ്റവുമധികം സ്വാധീനിച്ചത്?**

യഥാർഥത്തിലത് ഒരു കാര്യം മാത്രമല്ല. പാവങ്ങൾക്ക് ഫ്രീയായി ചികിത്സ ലഭ്യമാക്കുന്നതിനായി ലാഹോറിൽ അദ്ദേഹം ആശുപത്രി സ്ഥാപിച്ച രീതിയും എന്നിൽ നല്ല മതിപ്പുളവാക്കി. ആശുപ്രത്രിക്കുള്ള ഫണ്ട് ശേഖരണത്തിനായി വളണ്ടിയർമാരുടെ കൂട്ടം രാവും പകലും പണിയെടുക്കുന്നു. ഒരർഥത്തിൽ ദൈവത്തിന് സേവനം ചെയ്യുന്ന പോലെ. ഈ ആശുപത്രി യും നിർമാണം എന്ന വാഗ്ദാനം നിറവേറ്റുന്നതിനായി തന്റെ കരിയർ പൂർണമായും ഉപേക്ഷിച്ചുകൊണ്ട് ഒരു ജനസേവകനായി അദ്ദേഹം മാറി. ലോകത്തെ മുസ്‌ലിം കണ്ണുകളിലൂടെ കാണുന്ന അദ്ദേഹത്തിന്റെ ചിന്തയിൽ നിന്നാണ് ഇതുണ്ടായത്. മുമ്പ് എനിക്കിത് പരിചയമില്ല.

പരലോകം ലക്ഷ്യമാക്കുന്ന, വിശ്വാസികളല്ലാത്തവർക്കില്ലാത്ത, അല്പം വ്യത്യസ്തമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിന് ലോകത്തെക്കുറിച്ചുള്ളത്. ദൈവത്തിൽ ഇത്ര ഉറച്ച് വിശ്വസിക്കുന്ന സ്വന്തം ഈമാനും അറിവും മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന ഒരാളെ ഞാനാദ്യമായി കാണുകയാണ്. യഥാർഥത്തിൽ ഫിലോസഫി എന്നെ എന്നും ആകർഷിച്ചിരുന്നു. ഞാൻ വളരെയധികം സന്തോഷിക്കുകയും ആദ്യനിമിഷം തന്നെ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ആകർഷിക്കപ്പെടുകയും ചെയ്തു. തുടർന്ന് വായന ആരംഭിച്ചു; ആ ഫിലോസഫി അന്വേഷിച്ചുകൊണ്ട്.

**നിങ്ങളുടെ യാത്രകളിൽ നിന്നും പഠനത്തിൽനിന്നും ഇസ്‌ലാമിക തത്വശാസ്ത്രത്തിനും സംസ്കാരത്തിനും തുർക്കി എന്ത് സംഭാവനകൾ നൽകി എന്നാണ് നിങ്ങളുടെ വിലയിരുത്തൽ?**

എട്ട് നൂറ്റാണ്ടിലേറെ നിലനിന്ന ഒട്ടോമാൻ സാമ്രാജ്യത്തിന്റെ ചരിത്രപരമായ വേരുകൾ വ്യക്തമായും ഇസ്‌ലാമിക തത്വശാസ്ത്രത്തിലും



*ഇംറാൻഖാൻ*

സൂഫിസത്തിലുമാണ്. അക്കാലഘട്ടത്തിൽ പല തത്വചിന്തകരും പണ്ഡിതന്മാരും ഇസ്‌ലാമിക ചിന്തക്കും തത്വശാസ്ത്രത്തിനും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. നമുക്കെല്ലാം അറിയാവുന്ന പോലെ, ദൗർഭാഗ്യവശാൽ, മുസ്തഫ കമാൽ അത്താതുർക്കിന്റെ കാലത്ത് സൂഫിസവും ആത്മീയതയും വിലക്കപ്പെടുകയും പ്രാർഥിക്കാനായി ഒരുമിച്ചാൽ പോലീസ് പിടിച്ചുകൊണ്ടുപോകാൻ സാധ്യതയേറുകയും ചെയ്തു. അതെല്ലാം തീർത്തും ദു:ഖകരമായിരുന്നു. എന്നാൽ ആ അവസ്ഥ ഇപ്പോൾ മാറിവരുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

**നിങ്ങളുടെ ഇസ്‌ലാമാശ്ലേഷണത്തോട് കൂട്ടുകാരുടെയും ബന്ധുക്കളുടെയും പ്രതികരണമെന്തായിരുന്നു?**

ഞാനെന്തുകൊണ്ടാണ് ഇസ്‌ലാമാശ്ലേഷിച്ചതെന്ന് എന്റെ കുടുംബത്തിലുള്ളവർക്ക് മനസ്സിലായില്ല. ഒരുപാട് ചർച്ചകളും ഡിബേറ്റുകളും വീട്ടിൽ നടന്നു. എങ്കിലും ഇപ്പോൾ എന്റെ വീട്ടുകാർ എന്നെ പിന്തുണയ്ക്കുന്നു. ഞാൻ സന്തോഷവതിയാണെന്നതുകൊണ്ടാണ് അവരെന്നെ പിന്തുണയ്ക്കുന്നത്. ഇസ്‌ലാം എന്നെ സന്തോഷിപ്പിക്കുന്നുവെങ്കിൽ അവർക്കതിനോട് എതിർപ്പില്ല. ഒരു അഭിമുഖത്തിൽ ബോബ് ഗെൽഡോഫ് വിനയാന്വിതനായി പറഞ്ഞതുപോലെ, എനിക്ക് വ്യത്യാസം വന്നിട്ടില്ല, എന്റെ പ്രകൃതം പഴയതുതന്നെയാണ്. എന്റെ പല ശീലങ്ങളും ഞാൻ മാറ്റിയെങ്കിലും. അതുകൊണ്ടുതന്നെ കുടുംബത്തിലുള്ളവർക്ക് ഇനിയും എന്നെ അംഗീകരിക്കാതിരിക്കാനാവില്ല.

"ഞാനെന്തുകൊണ്ടാണ് ഇസ്‌ലാമാശ്ലേഷിച്ചതെന്ന് എന്റെ കുടുംബത്തിലുള്ളവർക്ക് മനസ്സിലായില്ല. ഒരുപാട് ചർച്ചകളും ഡിബേറ്റുകളും വീട്ടിൽ നടന്നു. എങ്കിലും ഇപ്പോൾ എന്റെ വീട്ടുകാർ എന്നെ പിന്തുണയ്ക്കുന്നു. ഇസ്‌ലാം എന്നെ സന്തോഷിപ്പിക്കുന്നുവെങ്കിൽ അവർക്കതിനോട് എതിർപ്പില്ല.

**ഇസ്‌ലാമിശ്ലേഷിക്കുന്നതിനു മുമ്പ് നിങ്ങൾക്ക് പല വി ഐ പികളുമായി പരിചയമുണ്ടായിരുന്നു. വിശ്വാസിനി ആയതിനു ശേഷം അവരെക്കുറിച്ചുള്ള ധാരണകൾക്ക് മാറ്റം വന്നോ?**

എന്റെ വിശ്വാസവും ഞാനിപ്പോൾ വിശ്വസിക്കുന്ന മൂല്യങ്ങളും എല്ലാത്തിനെക്കുറിച്ചുമുള്ള എന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തി. ആളുകളെക്കുറിച്ചും എന്റർടെയ്ൻമെന്റ് ബിസിനസിനെക്കുറിച്ചുള്ള കാഴ്ചപ്പാടിലും... ഞാനിപ്പോൾ ആളുകളെ വ്യത്യസ്ത കണ്ണുകളിലൂടെയും വ്യത്യസ്ത മൂല്യങ്ങളിലൂടെയുമാണ് വിലയിരുത്തുന്നത്. അതാണ് മതത്തിന്റെ സൗന്ദര്യം. യഥാർഥമായ ഒരു പാത പിന്തുടരാൻ വേണ്ട കരുത്തും ശക്തിയും അത് നൽകുന്നു. അത് അത്യാഹ്ലാദകരമായിരുന്നാലും അല്ലെങ്കിലും. ആഴത്തിൽ ചിന്തിക്കുന്നവർക്ക് അത്യാഹ്ലാദങ്ങളെല്ലാം അപ്രധാനമാണ്. എന്റെ വീക്ഷണത്തിൽ ബോബ് ഗെൽഡോഫ് ഇപ്പോഴും അസാധാരണ മനുഷ്യനാണ്. അദ്ദേഹം മാനവികതക്കും പാവപ്പെട്ടവർക്കും തന്റെ മക്കൾക്കും തന്റെ കുടുംബക്കാർക്കും ചെയ്യുന്ന ഉപകാരങ്ങൾ കൊണ്ടുതന്നെ. ഉദാരത ആരംഭിക്കേണ്ടത് സ്വഭവനത്തിൽ നിന്നാണ്. നമ്മുടെ വീട്ടിൽ നാം നല്ല വ്യക്തിയായിരിക്കണം എന്നതിനായിരിക്കണം മുൻഗണന.

മുസ്‌ലിമായി ജീവിച്ചുകൊണ്ടുതന്നെയുള്ള അന്വേഷണത്തിൽ ഞാൻ പലതും മനസ്സിലാക്കി. നമസ്കരിക്കുകയും നോമ്പെടുക്കുകയും ചെയ്യുന്ന എല്ലാ മുസ്‌ലിംകളും നല്ലവരല്ലെന്ന ദു:ഖസത്യവും ഞാനറിഞ്ഞു. ചിലർ പ്രാർഥിക്കുകയും നോമ്പെടുക്കുകയും ചെയ്യുന്നുണ്ടാവാം. എന്നിട്ട് ജീവിതത്തിൽ വഞ്ചിക്കുകയും കളവ് പറയുകയും ചെയ്യുന്നു. ഇത് രണ്ടും എങ്ങനെയാണ് ഒത്തുപോവുക?

**ജർമൻ മീഡിയ ഇസ്‌ലാമിനെ മോശമായി ചിത്രീകരിക്കുന്നത് നിങ്ങളുടെ നാടിനോടുള്ള സമീപനത്തിൽ മാറ്റം വരുത്തിയോ?**

ന്യായമായ കാരണങ്ങളാൽ ഞാൻ ലണ്ടനിലാണ് താമസിക്കുന്നത്. ഞാനാരാണെന്നറിഞ്ഞുകൊണ്ട് എന്നെ ഇവിടെയുള്ളവർ സ്വീകരിക്കുന്നതായി എനിക്കനുഭവപ്പെടുന്നതുകൊണ്ടാണിത്. ഇസ്‌ലാമും മുസ്‌ലിംകളുമായി ഇടപെടുന്ന കാര്യത്തിൽ ജർമനി ഇത്തിരി പിറകിലാണെന്നാണ് എന്റെ അനുഭവം. വളരെ സജീവരാണിവിടുത്തെ മുസ്‌ലിംകൾ. പ്രാദേശികമായും അന്താരാഷ്ട്രതലത്തിലും.

**നിങ്ങൾ ഇസ്‌ലാമാശ്ലേഷിക്കുന്ന സമയത്തുണ്ടായിരുന്ന ഇസ്‌ലാമോഫോബിയയെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഇതൊന്ന് വിശദീകരിക്കാമോ? സെപ്തംബർ 11നും അറബ് വസന്തത്തിനും ശേഷം ഈ അവസ്ഥയ്ക്ക് അടുത്തകാലത്ത് എന്തെങ്കിലും മാറ്റമുണ്ടായോ?**

ലണ്ടനിൽ എനിക്കൊരു പ്രശ്നവുമുണ്ടായിട്ടില്ല. അതുകൊണ്ടാണ് ഞാനിവിടെ തങ്ങുന്നത്. രണ്ട് പ്രവണതകൾ/അടിയൊഴുക്കുകൾ നിലവിലുണ്ടെന്ന് ഞാൻ കരുതുന്നു: ഒന്ന്, നല്ല പ്രവണതയും മറ്റേത് മോശം പ്രവണതയും. ഒരു വശത്ത് -ഹലാൽ ഭക്ഷണവും ഉത്പന്നങ്ങളും കൂടുതൽ ലഭ്യമാണിവിടെ. ഹലാൽ ഉത്പന്നങ്ങളുടെ മാർക്കറ്റ് 2.1 ട്രില്യൺ ഡോളറിന്റെതാണിവിടെ. ഉപഭോക്താക്കളും ബിസിനസുകാരും ഈ രംഗത്തേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു. പൂർണമായും ഉപയോഗപ്പെടുത്താത്ത മാർക്കറ്റാണിത്. സാമ്പത്തികരംഗത്ത് ഇത് നല്ല ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

മുസ്‌ലിംകൾക്കനുയോജ്യമായ വസ്ത്രങ്ങൾ, അയഞ്ഞ കുപ്പായം എന്നിവ ഫാഷനായിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം സന്തോഷകരമാണ്. എന്നാൽ മറുവശത്ത് ഇസ്‌ലാമോഫോബിയയും പടരുന്നു. അതുകൊണ്ടാണ് ഞാനെന്റെ പുസ്തകമെഴുതിയത് (വ്യക്തമായും 9/11നു ശേഷവും മിഡിൽ ഈസ്റ്റിലെ ഇപ്പോഴത്തെ ഭീതിതമായ സംഭവങ്ങൾക്കു ശേഷവും). പ്രവാചകനെ ആക്ഷേപിച്ചുകൊണ്ടുള്ള സിനിമയുടെ പേരിൽ അമേരിക്കൻ അംബാസഡർ കൊല്ലപ്പെട്ടു. സിനിമ വൃത്തികെട്ടതായിരുന്നു. എന്നാൽ അതൊരാളെ കൊല്ലാൻ കാരണമായിക്കൂടാ. ഇത്തരം സംഭവങ്ങൾ നമ്മെ സഹായിക്കുകയല്ല, പിന്നോട്ട് തള്ളുകയാണ് ചെയ്യുക.

> **വിശ്വാസത്തിലൂടെ സന്തോഷം നേടുക, അപ്പോഴും നിങ്ങൾക്ക് എംടിവി കാണാം. വിശ്വാസം എന്ന സമ്പത്തുണ്ടെങ്കിൽ അതുതന്നെയാണ് ഏറ്റവും ഉയർന്ന തലത്തിലുള്ള സന്തോഷവും സംതൃപ്തിയും നല്കുന്നത്. ഉപഭോഗസംസ്കാരമോ എംടിവിയോ ആ സന്തോഷം തരില്ല.**

**1995ൽ ഇസ്‌ലാമാശ്ലേഷിച്ചതിനു ശേഷം ഇസ്‌ലാമിനെക്കുറിച്ച് പരസ്യമായി സംസാരിക്കാൻ എന്താണ് ഇത്രകാലം കാത്തുനിന്നത്?**

എന്റെ ജോലികൾ നഷ്ടപ്പെട്ടതിനു ശേഷം ഞാനാകെ സങ്കടത്തിലായിരുന്നു. മുസ്‌ലിമായത് എന്റെ കരിയറിനെ വല്ലാതെ ബാധിച്ചു. എന്നാൽ ഇപ്പോൾ കാര്യങ്ങൾ നേരെയാവുകയാണ്. മീഡിയയുടെ നെഗറ്റീവായ പ്രചാരണം മൂലം സംഭവിച്ചത് തീർച്ചയായും വളരെ മോശമായിരുന്നു. എന്റേതായ സംഭാവനകൾ നൽകാൻ ഞാനാഗ്രഹിച്ചു. എന്നാൽ ഞാനതിന് വേണ്ടത്ര ഒരുങ്ങിയിരുന്നില്ല. *എം ടി വി*യിലെ ജോലിയ്ക്കു ശേഷം എന്തിനെക്കുറിച്ച് സംസാരിക്കാനാണ് എനിക്ക് കഴിയുക. എനിക്ക് വേണ്ടത്ര അറിവുണ്ടായിരുന്നില്ല. ശൈഖ് അന്ന് എന്നോടു പറഞ്ഞു: "നിങ്ങളുടെ ദീൻ ആദ്യമായി നിങ്ങളുടെ വിശ്വാസത്തെ ഭദ്രമാക്കട്ടെ, അതിൽ നിങ്ങൾക്ക് സംതൃപ്തി തോന്നട്ടെ." ആ ഉപദേശം ലഭിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഏതാണ്ട് ഇരുപതു വർഷത്തെ വായനക്കുശേഷം കൂടുതൽ ആത്മവിശ്വാസത്തോടെ ഇപ്പോളെനിക്ക് ഇസ്‌ലാമിനെക്കുറിച്ച് സംസാരിക്കാനാവും.

**'ഇൻസ്പയേർഡ് ബൈ മുഹമ്മദ്' (Inspired by Muhammad)കാമ്പയിനിൽ നിങ്ങളും പങ്കെടുത്തല്ലോ. ആ കാമ്പയിനെക്കുറിച്ച് ചെറുതായൊന്ന് പറയാമോ?**

പ്രവാചകൻ മുഹമ്മദ്(സ) നെക്കുറിച്ചും അദ്ദേഹത്തിന്റെ അധ്യാപനങ്ങളെക്കുറിച്ചുമുള്ള പോസ്റ്ററുകൾ രണ്ടു വർഷം മുമ്പ് ഞങ്ങൾ ബസുകളിലും ടാക്സികളിലും ഭൂഗർഭ ട്രെയിനുകളിലും പതിച്ചിരുന്നു. എന്റെ മുദ്രാവാക്യം 'ഞാൻ പരിസ്ഥിതിയിൽ വിശ്വസിക്കുന്നു. അതുപോലെ മുഹമ്മദ്(സ)യിലും വിശ്വസിക്കുന്നു' എന്നതായിരുന്നു. ചില തെറ്റിദ്ധാരണകൾ തകർക്കുന്നതിനു മാത്രമായിരുന്നു അത്. ഒരു മാർക്കറ്റ് റിസേർച്ച് ഏജൻസിയായ യൂഗോവ് (YouGov) ന്റെ പിന്തുണയോടെയാണ് ഞങ്ങളിത് ചെയ്തത്. യൂഗോവിന്റെ സർവേയിൽ കണ്ടെത്തിയത് ബ്രിട്ടനിലെ 50 ശതമാനം ആളുകൾ ഇസ്‌ലാം ഭീകരവാദമാണെന്ന് കരുതുന്നുവെന്നും 58 ശതമാനം ആളുകൾ ഇസ്‌ലാം അക്രമത്തെ പ്രോത്സാഹിപ്പിക്കുന്നതാണെന്ന് കരുതുന്നുവെന്നും. 69 ശതമാനം ആളുകൾ ഇസ്‌ലാം സ്ത്രീകളെ അടിച്ചമർത്തുന്ന മതമായി കാണുന്നുവെന്നുമാണ്. ഇവിടത്തെ ആളുകൾ പൊതുവെ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് ഇത് കാണിക്കുന്നു. യൂറോപ്പിൽ വളരെ മോശമാണവസ്ഥ. അതുകൊണ്ട് നമുക്കെല്ലാം പിടിപ്പത് പണിയുണ്ട്.

**ഒരു സ്ത്രീയെന്ന നിലയിൽ ഇസ്‌ലാം എന്തു നൽകി?**

ഇസ്‌ലാമെനിക്ക് മാന്യത നല്കി. ഞാൻ സെക്സ് ഒബ്ജെക്ട് എന്ന നിലയിലല്ല, വ്യക്തി എന്ന നിലയിൽ ആദരിക്കപ്പെടുന്നു.

ഉദാഹരണമായി എബ്റു ടി വി (Ebru TV) എന്ന ടി വി സ്റ്റേഷനുവേണ്ടി ജോലി ചെയ്തു. അവിടെ എല്ലാവരും വളരെ മാന്യമായാണ് എന്നോട് പെരുമാറിയത്. ഒരാളും ശൃംഗരിക്കാൻ വന്നില്ല. എന്നാൽ പടിഞ്ഞാറുള്ള ടി വി സ്റ്റേഷനുകളിൽ ജോലി ചെയ്യുമ്പോൾ പലപ്പോഴും അശ്ലീല പദപ്രയോഗങ്ങൾ കേൾക്കേണ്ടി വരും. പൊതുവെ പാശ്ചാത്യ ലോകത്തെ മുഖ്യാധാരാ സമൂഹം ലൈംഗിക അതിപ്രസരത്തിന്റെ പിടിയിലാണ്. സ്ത്രീകളോട് വ്യംഗ്യോക്തികളുപയോഗിക്കലും പ്രേമ പ്രകടനങ്ങളും വ്യാപകമാണവിടെ. എന്നാൽ മുസ്‌ലിം പശ്ചാത്തലത്തിൽ ഇത് സംഭവിക്കുന്നില്ല. ആളുകൾ വളരെ ആദരവോടെ പെരുമാറുന്നു. തീർച്ചയായും ഞാനതിഷ്ടപ്പെടുന്നു.

**മുമ്പ് ഇസ്‌ലാമാശ്ലേഷിച്ച ക്യാറ്റ് സ്റ്റീവൻസ് (യൂസുഫ് ഇസ്‌ലാം) തുടക്കത്തിൽ സംഗീതം പോലുള്ളവയിൽ നിന്ന് അകന്ന് നിന്നിരുന്നു. എന്നാൽ ഈ അടുത്തകാലത്ത് അദ്ദേഹത്തിന്റെ സംഗീതത്തോടുള്ള നിലപാട് മൃദുവാകുകയും തുടക്കത്തിൽ തെറ്റിദ്ധരിക്കപ്പെട്ടതായി സമ്മതിക്കുകയും ചെയ്തു. മുസ്‌ലിമായതിനുശേഷം ഇസ്‌ലാമിനോടുള്ള നിലപാടിൽ മാറ്റമുണ്ടായോ?**

ഇസ്‌ലാമുമായി തുടർച്ചയായ ബന്ധമാണ് എന്റേത്. എന്നെ സംബന്ധിച്ചിടത്തോളം ക്രമേണ കൂടുതലായി കീഴ്പ്പെടുകയും വഴങ്ങുകയും ചെയ്യേണ്ടുന്ന വഴിയാണിത്. ഇസ്‌ലാം അങ്ങനെയല്ലെന്ന് എനിക്ക് പറയാനാവില്ല. അത് ഇസ്‌ലാമിന്റെ വ്യത്യസ്തമായ ഉപയോഗമാണ്. ഭാഗ്യവശാൽ ഇസ്‌ലാമിന്റെ കൂടുതൽ ആത്മീയമായ അധ്യാപനങ്ങളാണ് എന്നെ സ്വാധീനിച്ചത്. ഇസ്‌ലാമിൽ പ്രവേശിച്ച അന്ന് മുതൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ കൂടുതൽ കൂടുതലായി പ്രാവർത്തികമാക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. മുമ്പ് എനിക്ക് ഇസ്‌ലാമിനെക്കുറിച്ച് തുറന്ന് സംസാരിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ഞാനിപ്പോൾ കൂടുതൽ ഊർജസ്വലയും ഈ സുന്ദര ദീനിനെക്കുറിച്ച് വാചാലയുമാണ്. ഇനി ഞാൻ നിശ്ശബ്ദയല്ല.

**പടിഞ്ഞാറും ഇസ്‌ലാമും കൂടുതൽ സഹവർത്തിത്വത്തോടെ എങ്ങനെ മുന്നോട്ടു പോകുമെന്നാണ് നിങ്ങളുടെ അഭിപ്രായം?**

എനിക്ക് തികച്ചും പോസിറ്റീവായ കാഴ്ചപ്പാടാണുള്ളത്. കൂടുതൽ കൂടുതൽ മുസ്‌ലിംകൾ പടിഞ്ഞാറ് ജനിക്കുകയും അവിടത്തെ വിദ്യാഭ്യാസ സംവിധാനത്തിലൂടെ കടന്നുപോവുകയും കേവലം മുസ്‌ലിം സമുദായത്തിലൊതുങ്ങാതെ സമൂഹത്തിലെ മുഖ്യധാരാ ജോലികൾ ഏറ്റെടുക്കുകയും ചെയ്യുന്നതോടെ അവസ്ഥ കൂടുതൽ മെച്ചപ്പെടും. വ്യക്തി സമ്പർക്കങ്ങളിലൂടെ മാത്രമാണ് തെറ്റിദ്ധാരണകൾ നീങ്ങിപ്പോവുക. നിങ്ങൾക്കറിയാത്ത ഒന്നിനെക്കുറിച്ച് നിങ്ങൾ പെട്ടെന്ന് കേൾക്കുന്നു. അതോടെ നിങ്ങളുടെ മനസ്സ് മാറുന്നു. അതുകൊണ്ട് ഇടപെടുക, സമൂഹവുമായി ഇടപഴകുക (കേവലം സാമുദായിക മേഖലകളിലൊതുങ്ങാതെ) എന്നത് അതിപ്രധാനമാണെന്ന് ഞാൻ കരുതുന്നു. ദൗർഭാഗ്യവശാൽ ജർമനിയിൽ ഇരുഭാഗത്തുനിന്നും പരസ്പരം ഇടപെടൽ ഉണ്ടാകുന്നില്ല.

**മക്കയിൽ നിന്ന് എംടിവിയിലേക്ക് ചേക്കാറാൻ ആഗ്രഹിക്കുന്ന ഒരുപാട് മുസ്‌ലിം പെൺകുട്ടികളുണ്ട്. എന്നാൽ നിങ്ങൾ എംടിവിയിൽ നിന്ന്മക്കയിലേക്കാണ് പോയത്. അവർക്കുള്ള നിങ്ങളുടെ സന്ദേശമെന്താണ്?**

എന്റെ പുസ്തകം വായിച്ച് പ്രചോദനം നേടൂ. ഞാൻ എംടിവിയിലായിരുന്നു. അത് അന്തിമമായ സന്തോഷം തരില്ല. വിശ്വാസത്തിലൂടെ സന്തോഷം നേടുക, അപ്പോഴും നിങ്ങൾക്ക് എംടിവി കാണാം. വിശ്വാസം എന്ന സമ്പത്തുണ്ടെങ്കിൽ അതുതന്നെയാണ് ഏറ്റവും ഉയർന്ന തലത്തിലുള്ള സന്തോഷവും സംതൃപ്തിയും നല്കുന്നത്. ഉപഭോഗസംസ്കാരമോ എംടിവിയോ ആ സന്തോഷം തരില്ല.

വിവ.
**സിദ്ദീഖ് ചിറ്റേത്തുകുടിയിൽ**


## വൈവാഹികം

സലഫി യുവാവ്, 27 വയസ്സ്, 5’7 ഉയരം, ഐ എസ് എം പ്രവർത്തകൻ, ഗൂഡല്ലൂർ സ്വദേശി. കാനഡയിൽ എൻജിനീയർ, BTech/PG കഴിഞ്ഞ യുവതികളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.

**09443 605 449**

## വൈവാഹികം

ഇസ്‌ലാഹി കുടുംബത്തിലെ പെൺകുട്ടി, 5’4, MSW, കോഴിക്കോട് ജില്ല. അനുയോജ്യമായ ആലോചന ക്ഷണിക്കുന്നു.

**9995 330 279**

ഇസ്‌ലാഹി യുവതി, Bachelor of Naturopathy, Yoga Science, 23/152, ഫെയർ, വീറ്റിഷ്, മലപ്പുറം ജില്ല, പ്രാസ്ഥാനിക പ്രവർത്തകനെ വരനായി തേടുന്നു. (27–30 വയസ്സ്, 160–165 ഉയരം), മലപ്പുറം ജില്ലക്കാർക്ക് മുൻഗണന

**8590 145 019**

വിദേശത്ത് ജോലിയുള്ള ഇസ്‌ലാഹീ പ്രവർത്തകൻ, 32 വയസ്സ്, പുനർവിവാഹം. (ആൺ) മക്കളുള്ള വിധവകളോ വിവാഹമോചിതരോ ആയ ദീനിയായ യുവതികളിൽ നിന്ന് ആചന ക്ഷണിക്കുന്നു.

**9846 004 721**

സലഫി യുവാവ്, 26 വയസ്സ്, സുഊദിയിൽ ജോലി, 20 വയസ്സ് കവിയാത്ത കോഴിക്കോട് ജില്ലയിൽ നിന്നുള്ള സലഫി യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. അറബിക് കോളെജ് വിദ്യാർഥിനികൾക്ക് മുൻഗണന

**9446 260 266**

മുസ്‌ലിം യുവതി, ഇടത്തരം കുടുംബം, 19 വയസ്സ്, പ്രിലിമിനറി, മലപ്പുറംജില്ല. ദീനീബോധമുള്ള യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9037 410 537**
**9495 793 448**

സർക്കാർ ജോലിയുള്ള ഇസ്‌ലാഹീ യുവാവ്, 29 വയസ്സ്, 6 ഇഞ്ച് ഉയരം, മലപ്പുറം ജില്ല. ഡിഗ്രി വിദ്യാഭ്യാസവും ദീനീബോധവുമുള്ള 5’4ൽ കൂടുതൽ ഉയരമുള്ള പെൺകുട്ടികളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു.

**9562 237 902**